# റമദാനിന്റെ
# അത്ഭുതപ്രക്രിയ

മാരകരോഗമാണ് അർബുദം. എത്ര നേരത്തെ കണ്ടെത്താനാകുമോ അതിന്റെ പ്രതിവിധി അത്രയും ഫലവത്താകും. അതിന്റെ ചികിത്സയിൽ ശാസ്ത്രം ഇന്നും പൂർണമായി വിജയിച്ചിട്ടില്ല.

പല രീതികളും അതിന്റെ ചികിത്സക്ക് അവലംബിച്ചുവരുന്നുണ്ട്. അവയിൽ ഏറെ പ്രധാനമാണ് റേഡിയേഷൻ തെറാപി. രോഗം ബാധിച്ച അവയവത്തെ കരിച്ചുകളയുകയാണതിലൂടെ ചെയ്യുന്നത്. മനുഷ്യരിൽ മാത്രമല്ല മൃഗങ്ങളിലും മണ്ണിലുമൊക്കെ ഈ ചികിത്സാരീതി ഫലവത്തായി ചെയ്തുവരുന്നുണ്ട്.

പക്ഷേ, ഇതൊക്കെ ശരീരത്തിലേൽക്കുന്ന രോഗത്തിന്റെ കാര്യം. വിദഗ്ധരായ ഭിഷഗ്വരന്മാർക്ക് കണ്ടെത്താൻ പറ്റാത്ത വിധം ഹൃദയത്തിനകത്താണെങ്കിൽ എന്തു ചെയ്യും? അതും പാപപങ്കിലമായ മനസ്സിനെ ശുദ്ധീകരിക്കാനാണെങ്കിൽ?

മനുഷ്യന്റെ കഴിവുകൾക്കുപരിയാണത്. ഹൃദയം കേടുവരുംതോറും അതിന്റെ പരിണതി ദൈവത്തിങ്കൽ രേഖപ്പെടുത്തപ്പെടും. ഹൃദയം നന്നായാലോ അതിന്റെ പരിണതിയും ദൈവത്തിങ്കൽ എത്തും.

ദൈവം അതിനുള്ള സംവിധാനവും ചെയ്തിട്ടുണ്ട്. നമുക്കതിനെ റേഡിയേഷനോട് താരതമ്യപ്പെടുത്താം. ഈ രീതിയെ അറബിയിൽ 'റമദ' എന്നാണ് പറയുന്നത്. കരിച്ചുകളയുക എന്നർഥം.

ശുദ്ധീകരണം മാത്രമല്ല അതിലൂടെ സാധിക്കുന്നത്, ഉന്നതമായ കുറെ സ്വഭാവഗുണങ്ങളും അത് വളർത്തിയെടുക്കുന്നുണ്ട്. അതെന്തെന്ന് പിന്നീട് പറയാം.

മനുഷ്യൻ ചെയ്യുന്ന ഓരോ തെറ്റും അവന്റെ ഹൃദയത്തിൽ കറുത്ത പുള്ളികൾ വീഴ്ത്തുന്നുണ്ട്. തെറ്റുകളുടെ ആധിക്യത്തിനനുസരിച്ച് പുള്ളികൾ വർധിക്കും. ഒടുവിലത് വലുതാവുകയും ഹൃദയം തന്നെ കറുത്തുപോവുകയും ചെയ്യും. അതാണ് മനുഷ്യമനസ്സിന്റെ അവസ്ഥ.

വിശ്വാസിയുടെ ചെറുതും വലുതുമായ തെറ്റുകളെ മാച്ചുകളഞ്ഞു ശുദ്ധീകരിക്കാനാണ് ഏകദൈവം ഈ രീതി സംവിധാനിച്ചത്. പക്ഷേ, രോഗി പാലിക്കേണ്ട ചിട്ടകളെപ്പോലെ വിശ്വാസിയുടെ ചിട്ടകളും അതിൽ പ്രധാനമാണ്. അതാണ് റമദാനിലെ വ്രതാനുഷ്ഠാനം.

ഖുർആൻ നിർബന്ധമാക്കിയ എല്ലാ ആരാധനകളും വ്യക്തിയെ ശുദ്ധീകരിക്കുന്നതിനുള്ളതാണ്. എന്നാൽ റമദാൻ വ്രതത്തിന്റെ ശുദ്ധീകരണപ്രക്രിയ അവയിൽനിന്ന് വേറിട്ടുനിൽക്കുന്നു. ശരീരത്തെയും മനസ്സിനെയും ചുറ്റുപാടുകളെയും ഒരുമിച്ചാണത് ശുദ്ധീകരിക്കുന്നത്. വ്യക്തിയും സമൂഹവും അതിന്റെ സദ്ഫലം ഒരുമിച്ചനുഭവിക്കുന്നു. അതിനാൽ തന്നെ വ്രതം ഏറെ അനുഭൂതിദായകവുമാണ്.

മനുഷ്യന്റെ പ്രകൃതിയോട് ഏറെ ചേർന്നുനിൽക്കുന്നതാണ് വ്രതം. അതായത് രണ്ട് ഘടകങ്ങൾ കൂടിച്ചേർന്നതാണ് മനുഷ്യൻ. ഒന്ന് അവന്റെ ഭൗതികശരീരവും ഭൗതിക സാഹചര്യവും. രണ്ട്, അവന്റെ ആത്മീയത. ഭൗതികശരീരത്തിനാവശ്യമായ വിഭവങ്ങൾ സ്വന്തം അധ്വാനത്തിലൂടെ കണ്ടെത്തുവാൻ അവന് സാധിക്കും. എന്നാൽ ശാരീരികമായ കർമ്മങ്ങൾ സംസ്കരിക്കപ്പെടണമെങ്കിൽ അവന്റെ ആത്മീയത വിശുദ്ധമാകേണ്ടതുണ്ട്. അതിന്റെ അഭാവത്തിൽ അവന് ഉത്തമ സ്വഭാവവും ചര്യകളും പ്രകടിപ്പിക്കാനാകില്ല.

### മാനുഷിക മുഖം

പറഞ്ഞല്ലോ, ഖുർആൻ നിർബന്ധമാക്കിയ എല്ലാ ആരാധനകൾക്കും പ്രത്യേക സാമൂഹിക വശമുണ്ടെന്ന്. മനുഷ്യസമൂഹത്തിന്റെ ക്ഷേമം മുന്നിൽ കണ്ടുകൊണ്ടുള്ള ദൈവികനിർണയമാണത്.

റമദാൻ വ്രതത്തിനാകട്ടെ അവയിൽനിന്നൊക്കെ വേറിട്ട ചില പ്രത്യേകതകൾ കാണാൻ സാധിക്കും.

### 1. പരോപകാരം

പരോപകാരത്തെ ഖുർആൻ ഏറെ പ്രോത്സാഹിപ്പിച്ചു. അത് മുടക്കുന്നവനെ മതത്തെ കളവാക്കിയവനായി വിലയിരുത്തി. ഏകദൈവവിശ്വാസി ചെയ്യുന്ന മുഴുവൻ കർമ്മങ്ങൾക്കും ഇരട്ടി പ്രതിഫലം ലഭിക്കുന്ന അവസരമാണ് റമദാൻ. പരസ്പര സഹായസഹകരണം ചെയ്യുന്നത് വ്രതത്തിൽ ഏറെ പ്രതിഫലമുള്ള കാര്യമാണ്. അതിലൂടെ സമൂഹമനസ്സുകൾ പരസ്പരം അടുക്കുകയും ആവശ്യക്കാരന്റെ ആവശ്യം കണ്ടറിഞ്ഞു പരിഹരിക്കുന്ന സാഹോദര്യത്തിന്റെ ഉത്തമ സാഹചര്യം നിൽനിൽക്കുകയും വേണമെന്ന് ഖുർആൻ നിശ്ചയിച്ചു. പരസ്പരം ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു ചുറ്റുപാട് ആ സമൂഹത്തിൽ നിലനിൽക്കാൻ അത് ഏറെ സഹായകമായിരിക്കും.

## 2. ഗുണകാംക്ഷ

മനുഷ്യർ തമ്മിലുള്ള സ്നേഹവികാരങ്ങളുടെയും പരോപകാരങ്ങളുടെയുമൊക്കെ പ്രേരകമാണ് ഗുണകാംക്ഷ. ബന്ധങ്ങളിൽ ഏറ്റപ്പറ്റുകൾ ഉണ്ടാകുക സാധാരണമാണ്. സാഹചര്യങ്ങളാണതിന് നിമിത്തം. പക്ഷേ, റമദാൻ വ്രതകാലത്ത് ഗുണകാംക്ഷയിലൂടെ സ്നേഹവികാരങ്ങൾ ഊഷ്മളമാക്കണമെന്നാണ് ദൈവം ആവശ്യപ്പെടുന്നത്. അതിലൂടെ സ്നേഹവും ഒരുമയുമുള്ള സമൂഹമായി അവർ മാറണം എന്ന് ഖുർആൻ ആഗ്രഹിക്കുന്നു.

## 3. കാരുണ്യം

ജനങ്ങളോടുള്ള പെരുമാറ്റത്തിലെ ഉയർന്ന വികാരമാണ് കരുണ. ഗുണകാംക്ഷയും സ്നേഹവുമില്ലാതെ പെരുമാറ്റത്തിൽ കാരുണ്യവികാരം പ്രകടമാവുകയില്ല. ഇത് ദൈവത്തിന്റെ പ്രത്യേക നിർണയമാണ്. അതിന്റെ അഭാവത്തിൽ ബന്ധങ്ങൾ സംഘർഷം നിറഞ്ഞതായിരിക്കും. കാരുണ്യവികാരം മനസ്സിൽ ഉടലെടുക്കുമ്പോൾ മാത്രമാണ് മറ്റുള്ളവനെ തന്നെപ്പോലെ കാണാനുള്ള മനസ്സുണ്ടാകുകയുള്ളൂ.

## 4. സമഭാവന

എല്ലാവരെയും ഒന്നായി കാണുകയെന്നതാണ് സമഭാവന കൊണ്ട് ഉദ്ദേശിക്കുന്നത്. ദാഹവും വിശപ്പും അറിയുന്നവനു മാത്രമേ മറ്റുള്ളവന്റെ വിശപ്പും ദാഹവും തിരിച്ചറിയാനും അവരെ സഹായിക്കാനും സാധിക്കുകയുള്ളൂ. പക്ഷേ, അതിന് മാനുഷികവികാരമെന്ന ഉയർന്ന ചിന്ത ആവശ്യമാണ്.

പരസ്പരം സഹകരിച്ചും സഹായിച്ചും ജീവിക്കേണ്ട സാഹചര്യത്തോടു കൂടിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചതും അവന്റെ സാമൂഹിക ഘടനക്ക് രൂപം കൊടുത്തതും. അതിനു വിധേയമായി ജീവിക്കുമ്പോഴാണ് ജീവിതവും മനുഷ്യബന്ധങ്ങളും ഊഷ്മളമായി നിലനിൽക്കുകയുള്ളൂ.

## 5. ക്ഷമ

മനുഷ്യസ്വഭാവത്തിന്റെ ആത്മാവും ബന്ധങ്ങളുടെ മജ്ജയുമാണ് ക്ഷമ. ക്ഷമ നശിച്ചു പെരുമാറുമ്പോഴാണ് മനുഷ്യൻ പിശാചിന്റെ പതനത്തിലേക്കെത്തുക. ക്ഷമയോടു കൂടി പെരുമാറുമ്പോൾ അവന്റെ ആത്മീയവശം പ്രകാശിക്കും. ക്ഷമ കൈവിടാതിരിക്കുകയും അത് വളർത്തിയെടുക്കുകയും ചെയ്യണം. ഏകദൈവത്തിനുള്ള ആരാധന കൃത്യമായി അനുഷ്ഠിക്കുന്നതിനും ക്ഷമ അനിവാര്യമാണ്. രണ്ടും പരസ്പരം പൂരകങ്ങളാണ്.

ഈ തരത്തിലുള്ള മാനുഷികവികാരങ്ങൾ ഏകദൈവവിശ്വാസിയുടെ ഹൃദയത്തിൽ വളർത്തിയെടുക്കുകയാണ് റമദാൻ വ്രതം ചെയ്യുന്നത്.

## 6. ദാനധർമങ്ങൾ

റമദാൻ കാലത്ത് ദാനധർമങ്ങളുടെ കാര്യത്തിൽ പ്രവാചകൻ മുഹമ്മദ് നബി അടിച്ചുവീശുന്ന കാറ്റിനെക്കാൾ വേഗത്തിലായിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തി. ദാനധർമങ്ങൾക്ക് എഴുപത് മുതൽ എഴുന്നൂറുവരെ ഇരട്ടി പ്രതിഫലം ലഭിക്കുന്ന വ്രതമാസത്തിൽ ദാനധർമം ഏറെ പ്രോത്സാഹിപ്പിക്കപ്പെട്ട കാര്യമാണ്. അത് ആരാധനയാണെന്നതോടൊപ്പം അതിലൂടെ കുടുംബ ബന്ധങ്ങൾ ചേർക്കുന്നതിനും സൗഹൃദം വർധിപ്പിക്കുന്നതിനും സാധിക്കുന്നു. നോമ്പെടുക്കാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ടെങ്കിൽ പകരം ദരിദ്രന് ആഹാരം നൽകാൻ ഖുർആൻ കൽപ്പിക്കുകയുണ്ടായി. മനപ്പൂർവം നോമ്പുപേക്ഷിച്ചാൽ അറുപത് അഗതികൾക്കാണ് അന്നം നൽകേണ്ടത് പ്രായശ്ചിത്തം മാത്രമല്ല, അവശന്റെ അവശത തീർക്കുക കൂടിയാണ്.

ദാനധർമം എന്ന സഹാനുഭൂതിയിലൂടെ നോമ്പിന്റെ സാമൂഹികത കൂടുതൽ പ്രകടമാവുകയാണ് ചെയ്യുന്നത്. പെരുന്നാൾ പിറവിയോടെ വിശ്വാസികൾ വ്രതം അവസാനിപ്പിക്കുന്നത് പ്രധാന ഘടകം ചെറിയവരും വലിയവരുമായ ഓരോ വ്യക്തിക്കും നിശ്ചിത അളവ് അന്നം നിർബന്ധമായും ദാനം ചെയ്തുകൊണ്ടാണ്.

റമദാൻ വ്രതം കേവലം ആരാധനക്ക് മാത്രമുള്ള ഒരു കർമ്മമായിരുന്നെങ്കിൽ ഇത്തരം സാമൂഹികത അതിൽ ദർശിക്കാനോ സമൂഹത്തിന് അതിന്റെ ഗുണം അനുഭവിക്കാനോ സാധിക്കുമായിരുന്നില്ല.

## വ്രതം എന്തിന്?

വിശ്വാസിയെ വിശുദ്ധനും ദൈവഭക്തനുമാക്കാൻ ദൈവം സംവിധാനിച്ച ആരാധനയാകുന്നു വ്രതം.

തനിക്ക് വഴികാട്ടിയും വിമോചനവുമായി ദൈവം തന്റെ ഗ്രന്ഥം അവതരിപ്പിച്ചതിന് നന്ദി രേഖപ്പെടുത്താനുള്ള അവസരവും കൂടിയാണ് അത്.

ദൈവം തന്റെ അടിയാറുകൾക്ക് സമർപ്പിച്ച നന്മകളുടെ പ്രമോഷൻ പീര്യഡാണ് റമദാൻ വ്രതം.

ഇത്രയും പറഞ്ഞു അവസാനിപ്പിച്ചാൽ വ്രതത്തിന്റെ താത്വികവശം അനാവരണം ചെയ്യപ്പെടും. പക്ഷേ, ചിലതു കൂടിയുണ്ട്.

മനുഷ്യർ തമ്മിൽ പലവിധത്തിലും പല സ്വഭാവത്തിലും ബന്ധപ്പെടുകയെന്നത് സാമൂഹിക ജീവിതത്തിന്റെ ഭാഗമാണ്. പലതരത്തിലുള്ള ഇടപെടലുകളും സമീപനവും പെരുമാറ്റവും ബന്ധങ്ങളും അവർ തമ്മിലുണ്ടാകാം. പല പാകപ്പിഴവുകളും അതിൽ സംഭവിക്കാം.

രഹസ്യമായും പരസ്യമായും അറിഞ്ഞും അറിയാതെയും പല കുറ്റങ്ങളും പാപങ്ങളും ചെയ്തേക്കാം.

തന്റെ സ്രഷ്ടാവുമായുള്ള ബന്ധങ്ങളിലും അവനോടുള്ള ബാധ്യതകൾ നിർവഹിക്കുന്നതിലുമൊക്കെ പലതരത്തിലുള്ള അപാകതകളും സംഭവിക്കാനിടയുണ്ട്. തന്റെ ഇഹത്തെയും പരത്തെയും പരാജയപ്പെടുത്തും വിധം ഹൃയത്തെ മലിനമാക്കുന്ന പാപ്പക്കറകളെ ശുദ്ധീകരിച്ച് മേലിൽ നല്ല ജീവിതം നയിക്കുവാൻ വ്യക്തിയെ പര്യാപ്തനാക്കുകയും അതിലൂടെ ദൈവത്തോട് നന്ദിയുള്ള ഭക്തനാക്കുകയുമാണ് വ്രതം പ്രധാനമായി ചെയ്യുന്നത്.

### റമദാനിലെ സംവിധാനങ്ങൾ

ഏതെങ്കിലും വിധത്തിലുള്ള സംസ്കരണപ്രവർത്തനമോ പരിഷ്കരണമോ വരുത്തുമ്പോൾ അതിനനുകൂലമായ സാഹചര്യവും കൂടി ഉണ്ടാക്കുകയെന്നത് അനിവാര്യമാകുന്നു.

തന്റെ ദാസന്മാരെ ശുദ്ധീകരിക്കുന്നതിനും അവരെ നന്മയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനും ചില സംവിധാനങ്ങൾ ദൈവം യുക്തിപൂർവം ചെയ്തതായി നമുക്ക് കാണാം. ഈ സംവിധാനങ്ങൾ അടിമ ഉപയോഗപ്പെടുത്തുകയും അതിന്റെ ചൈതന്യമനുസരിച്ച് ജീവിക്കുകയും ചെയ്യുമ്പോഴാണ് റമദാൻ വ്രതം പുണ്യത്തിന്റെ വസന്തമെന്ന നാമത്തിൽ അന്വർഥമാവുകയുള്ളു. അത് ഉപയോഗപ്പെടുത്തി തന്റെ പാരത്രികഭാഗധേയം നന്നാക്കാൻ ശ്രമിക്കാത്തവർക്ക് ദൈവകോപമുണ്ടന്ന് പ്രവാചകൻ പഠിപ്പിച്ചു. റമദാനിൽ തനിക്ക് ലഭിക്കാനിരിക്കുന്ന പുണ്യം എത്രയാണെന്നറിഞ്ഞിരുന്നെങ്കിൽ കാലം മുഴുവൻ വ്രതമാകണമെന്ന് ജനം ആഗ്രഹിക്കുമെന്ന് അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി.

തികച്ചും വൈരുദ്ധ്യത്തിലാണ് വ്രതത്തിന്റെ ആത്മീയതയും വിശുദ്ധിയും നിലകൊള്ളുന്നത്. അതിന്റെ ആചരണത്തിലാണ് പ്രതിഫലം. മറ്റു മാസങ്ങളിൽ നിയന്ത്രണങ്ങളൊന്നുമില്ലാതെ ഭുജിച്ചും ഭോഗിച്ചും ജീവിക്കുമ്പോൾ വ്രതകാലത്ത് അതിന് നിയന്ത്രണമുണ്ട്. പകൽ വേള അത്തരം ആവശ്യങ്ങളെ നിരാകരിച്ചു വേണം ജീവിക്കുവാൻ. മനസ്സിന്റെയും ശരീരത്തിന്റെയും ഇഛകൾക്കു മേൽ പരിപൂർണ ആധിപത്യം ചെലുത്തുകയും നോമ്പിന്റെ വിശുദ്ധിക്ക് നിരക്കാത്ത എല്ലാ വികാര-സമീപനങ്ങളിൽ നിന്നും മാറിനിൽക്കുകയും വേണം. അതിലൂടെ മാത്രമേ വ്രതം കൊണ്ടുദ്ദേശിച്ച ഫലം ലഭിക്കുകയുള്ളു. അതിനനുസൃതമായ സംവിധാനങ്ങളാണ് ദൈവം ചെയ്തിട്ടുള്ളത്. ചിലത് താഴെ സൂചിപ്പിക്കുന്നു:

#### 1. ഇരട്ടി പ്രതിഫലം

വ്രതക്കാരന്റെ കർമങ്ങൾക്ക് അനേകമിരട്ടി പ്രതിഫലം ലഭിക്കുന്ന അവസരമാണ് റമദാൻ. മറ്റു മാസങ്ങൾക്കില്ലാത്ത സവിശേഷതയാണിത്. അവന്റെ ഉറക്കം പോലും പുണ്യകരമായാണ് രേഖപ്പെടുത്തപ്പെടുക. കാരണം, പകലിലെ വ്രതത്തിന്റെ ക്ഷീണം അകറ്റുവാനും ആരാധനകൾക്കു വേണ്ടി ഊർജ്ജം നേടിയെടുക്കാനുമുള്ള വിശ്രമമാണ് അവന്റെ ഉറക്കം. പകൽ മുഴുവൻ വ്രതം അനുഷ്ഠിച്ച ഒരാൾ രാത്രിയിൽ ഏറെ നേരവും നിന്നുകൊണ്ടുള്ള ആരാധാനയിലാണ് കഴിച്ചുകൂട്ടുന്നത്. രാത്രിയുടെ അന്ത്യയാമത്തോടെ വീണ്ടും അയാൾ ഉണർന്നു ആരാധനയിൽ ഏർപ്പെടുന്നു. ഇടക്കുള്ള അൽപനേരത്തെ വിശ്രമം തീർച്ചയായും ആരാധനായായാണ് രേഖപ്പെടുത്തപ്പെടുക.

വ്രതക്കാരന്റെ മൗനവും സ്തുതികീർത്തനമായാണ് ദൈവം വിലയിരുത്തുന്നത്. കാരണം, അവന്റെ നാവും മനസ്സും ശരീരവും തെറ്റുകളിൽനിന്ന് തീർത്തും സംശുദ്ധമായിരിക്കും. ഒഴിവു വേളകളിൽ ഖുർആൻ പാരായണത്തിലും ദൈവത്തിനുള്ള സ്തുതികീർത്തനത്തിലും കഴിച്ചുകൂട്ടുന്ന ഒരാൾ അൽപം നേരം മൗനംപാലിക്കുന്നെങ്കിൽ ആ മൗനവും ദൈവചിന്തയിൽ അധിഷ്ഠിതമായിരിക്കും. അതിനും പ്രതിഫലമുണ്ട്.

ചുരുക്കത്തിൽ വ്രതക്കാരൻ ചെയ്യുന്ന നിസ്സാര സദ്കാര്യങ്ങൾക്കു പോലും അനേകമിരട്ടി പ്രതിഫലമാണ് നൽകപ്പെടുക. ഈ ആധിക്യത്തെ സൂചിപ്പിച്ചുകൊണ്ടാണ് ദൈവം 'നോമ്പ് എനിക്കുള്ളതാണ്, അതിന് ഞാൻ തന്നെ പ്രതിഫലം കൊടുക്കും' എന്ന് അരുളിയത്. അതിനാലാണ് റമദാൻ വ്രതത്തെ നന്മയുടെ വസന്തം എന്ന് വിശേഷിപ്പിച്ചത്.

#### 2. പാപമോചനം

വിശ്വാസിയുടെ പാപമോചനത്തിന്റെ മാസമാണ് റമദാൻ. മുഴുസമയവും അവൻ അതിനായി തന്റെ യജമാനനോട് പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. തനിക്ക് പൊറുത്തുകിട്ടണമെന്ന്

കൊതിക്കുകയും പ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാത്ത വ്രതക്കാരൻ നശിച്ചവനാകുന്നു.

നോമ്പുകാരൻ മാത്രമല്ല തന്റെ പാപമോചനത്തിനായി പ്രാർഥിക്കുന്നത്. ദൈവത്തിന്റെ മാലാഖമാരും നോമ്പുകാരനു വേണ്ടി പ്രാർഥിക്കുന്നുണ്ട്. വ്രതക്കാരൻ നോമ്പു തുറക്കുന്ന സമയത്തു നടത്തുന്ന പ്രാർഥനക്ക് സ്വീകാര്യതയേറുമെന്ന് പ്രവാചകൻ പഠിപ്പിച്ചു.

### 3. മത്സരം

പ്രവാചകൻ പറഞ്ഞു: ദൈവം നിങ്ങളുടെ നന്മയിലുള്ള മുന്നേറ്റത്തിലേക്കാണ് ഉറ്റുനോക്കുന്നത്. അതിനായി മാലാഖമാർ വ്യക്തികളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഇങ്ങനെ വിളിച്ചു പറയും: നന്മ കാംക്ഷിക്കുന്നവനേ, നീ മുന്നേറുക. നന്മ വർദ്ധിപ്പിക്കാൻ മത്സരിക്കണമെന്നു തന്നെയാണ് ഖുർആനും പഠിപ്പിച്ചത്. ദൈവികപൊരുത്തവും സ്വർഗവുമാണല്ലോ അതിന്റെ മറുതലക്കൽ.

### 4. പിശാചിന്റെ ബന്ധനം

കൂടുതൽ നന്മ ചെയ്യുവാനും തിന്മയിൽനിന്ന് അകന്നുനിൽക്കുവാനുമുള്ള ആത്മീയ സാഹചര്യം ദൈവം തന്നെ തന്റെ ദാസന്മാർക്ക് ഒരുക്കിയിട്ടുണ്ട്. അത്തരം സാഹചര്യത്തിൽ വ്രതക്കാർക്ക് പിശാചിന്റെ പ്രലോഭനമോ ദേഹേഛയുടെ സ്വാധീനമോ ഇല്ലാതെ നിഷ്കളങ്കമായി വ്രതമനുഷ്ഠിക്കുവാൻ സാധിക്കും. അതിലുപരിയായാണ് വ്രതകാലത്ത് പിശാചിനെ പിടിച്ചു ബന്ധിച്ചു അടിമക്ക് ആത്മീയമായ പ്രോത്സാഹനം ഒരുക്കുന്നത്. അഥവാ, മനസ്സുകളെ തെറ്റുകളിലേക്ക് ആകർഷിക്കുകയും ദൈവത്തെ സംബന്ധിച്ച് വിസ്മൃതിയിൽ അകപ്പെടുത്തുകയും ചെയ്യുന്ന സാഹചര്യം ഇല്ലാതാക്കി ദൈവം തന്റെ അടിമയെ സഹായിക്കും എന്നാണ് അതുകൊണ്ടുദ്ദേശിക്കുന്നത്.

### 5. സ്വർഗവാതിലുകൾ തുറന്നിടുന്നു

കൂടുതൽ പേർക്ക് സ്വർഗപ്രവേശനം ഉറപ്പാക്കുന്ന കാലമാണത്. വ്രതക്കാർക്ക് മാത്രം പ്രവേശിക്കുവാൻ ഒരു വാതിൽ സ്വർഗത്തിനുണ്ട് എന്ന് പ്രവാചകൻ പഠിപ്പിച്ചു. അത് റയ്യാൻ എന്ന നാമത്തിലാണ് അറിയപ്പെടുന്നത്.

ഇതൊക്കെ ലഭിക്കുന്നത് മനസ്സറിഞ്ഞുള്ള നിഷ്കളങ്ക ത്യാഗപരിശ്രമങ്ങളിലൂടെയാണ്. പരിശ്രമിക്കുന്നവനു മാത്രമേ സന്മാർഗം ലഭിക്കുകയുള്ളൂ.

രണ്ടുതരം ത്യാഗപരിശ്രമങ്ങൾ നോമ്പിൽ അടങ്ങിയിട്ടുണ്ട്. അന്നപാനാധികളും ചീത്തവൃത്തികളും വെടിഞ്ഞ് ശാരീരികവും മാനസികവുമായ ത്യാഗമാണ് ഒരു വ്രതക്കാരൻ പകലിൽ ചെയ്യുന്നത്. രാത്രിയാകട്ടെ, ഉറക്കം വെട്ടിക്കുറച്ചു ആരാധനയിൽ മുഴുകിക്കൊണ്ടുള്ള ത്യാഗപരിശ്രമവും. ഈ പരിശ്രമങ്ങളാണ് വ്രതത്തിന്റെ ആത്മാവ്.

ഇതിന് നാല് അടിസ്ഥാനങ്ങളാണുള്ളത്. 1. ദൈവസ്നേഹം. 2. പ്രവാചകനെ അനുധാവനം ചെയ്യൽ. 3. നിഷിദ്ധങ്ങളെ സൂക്ഷിക്കൽ. 4. പരലോക ചിന്ത. ഒരാളെ ദൈവസമർപ്പണത്തിന് വിധേയനാക്കുന്ന അടിസ്ഥാനങ്ങളാണിവ.

കർമ്മങ്ങളെ കുറ്റമറ്റതും നിഷ്കളങ്കവും സംതൃപ്തവുമാക്കുകയെന്നതാണ് ദൈവവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനം. വ്രതത്തിന്റെ ഘടനയിൽ നമുക്കത് വേഗം മനസ്സിലാക്കാം.

മൂന്ന് വിധത്തിൽ നോമ്പിനെ സമീപിക്കാൻ സാധിക്കും. പ്രവാചകൻ അതെപ്പറ്റി പറഞ്ഞു: നീ നോമ്പെടുക്കുമ്പോൾ നിന്റെ ശരീരം മുഴുവൻ നോമ്പെടുക്കണം. ഇതിനെ പണ്ഡിതന്മാർ സാധരണ നോമ്പ്, പ്രത്യേക നോമ്പ്, സവിശേഷ നോമ്പ് എന്നിങ്ങനെ വേർതിരിക്കുകയുണ്ടായി. സാധാരണ നോമ്പിൽ വിശപ്പ്, ദാഹം, ശരീരവൈകാരികത എന്നിവയെ പിടിച്ചു നിർത്തിയാൽ മതി. പ്രത്യേക നോമ്പിൽ വിശപ്പ്, ദാഹം, ശരീരവൈകാരികത എന്നിവയോടൊപ്പം ശരീരാവയവങ്ങളെ മൊത്തത്തിൽ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ സവിശേഷ നോമ്പിൽ വിശപ്പ്, ദാഹം, ശരീരവൈകാരികത, ശരീരാവയവങ്ങൾ എന്നിവയോടൊപ്പം ഹൃദയം കൂടി നോമ്പെടുക്കണം. അതാണ് പരിപൂർണ വ്രതം.

എന്നാൽ പലരുടെയും നോമ്പ് ആദ്യത്തെ വിഭാഗത്തിൽ ഒതുങ്ങുകയാണ് പതിവ്. ചിലരുടേത് രണ്ടാം വിഭാഗത്തിലും. അപൂർവം ആളുകളാണ് മൂന്നാം വിഭാഗക്കാർ.

ഇത്തരത്തിലുള്ള മഹാ സംവിധാനങ്ങൾ വിശ്വാസിക്ക് ഒരുക്കിവെച്ചതിനാൽ പ്രവാചകൻ റമദാനിനെ മഹത്തായ മാസം എന്ന് വിശേഷിപ്പിക്കുകയുണ്ടായി. ഇതൊക്കെ വിശ്വാസിയുടെ സ്വർഗപ്രവേശനം എളുപ്പമാക്കുന്ന സംവിധാനങ്ങളാകുന്നു.

### നോമ്പിന്റെ മൂന്ന് ഭാഗം

വ്രതക്കാരായ തന്റെ ദാസന്മാർക്ക് ലഭിക്കേണ്ട അനുഗ്രഹങ്ങളെ കണക്കിലെടുത്ത് ദൈവം നോമ്പിനെ മൂന്ന് പ്രത്യേക ഭാഗമാക്കി തിരിക്കുകയുണ്ടായി. ഓരോ ഭാഗവും മൂന്ന് വ്യത്യ

സ്ത ഫലങ്ങളാണ് വ്രതക്കാരന് നൽകുന്നത്. ആദ്യത്തെ പത്ത് നാളുകൾ ദൈവിക കാരുണ്യം അവന് ധാരാളമായി ലഭിക്കുന്ന സന്ദർഭമാകുന്നു. അടുത്ത പത്തുനാളുകൾ പാപമോചനത്തിനുള്ളതാണ്. ദാസന്മാരുടെ ചെറുതും വലുതുമായ എല്ലാ പാപങ്ങളും ആ സമയങ്ങളിൽ ദൈവം പ്രത്യേകം പൊറുത്തുകൊടുക്കുന്നു. അവസാനത്തെ പത്തു നാളുകളിലാകട്ടെ തന്റെ അനുസരണയുള്ള ദാസന്മാരെ നരകശിക്ഷയിൽനിന്ന് മോചിപ്പിക്കുന്നതിനാണ് ദൈവം നീക്കിവെച്ചത്. ആ സമയങ്ങളിൽ പാപമോചനം അർഥിക്കുന്നവർക്കവൻ നരകവിമോചനമേകുന്നു.

വിശ്വാസികളുടെ ഭക്ഷണത്തിൽ കൂടുതൽ അനുഗ്രഹവും വർദ്ധനവും ഉണ്ടാകുന്ന സമയം കൂടിയാണ് റമദാൻ.

### നോമ്പ് ഒരു കവചം

പാപങ്ങളെ പ്രതിരോധിക്കുന്നതിലും മനസ്സിനെ പാപങ്ങളിൽനിന്ന് സംരക്ഷിക്കുന്നതിലും നോമ്പിന്റെ ശക്തി വളരെ വലുതാണ്. ആത്മീയവും വിശുദ്ധവുമായ പരിവേഷമാണ് അതിനുള്ളത്. ആ പരിശുദ്ധിയെ തെറ്റുകൾ സ്പർശിക്കുകയില്ല. യുദ്ധത്തിൽ ഉപയോഗിക്കുന്ന പരിജയോടാണ് പ്രവാചകൻ നോമ്പിനെ വിശേഷിപ്പിച്ചത്. വ്യക്തി എത്രമാത്രം ആത്മാർഥമായി വ്രതമനുഷ്ഠിക്കുന്നുവോ അതിനനുസരിച്ച് അവന്റെ ജീവിതവും കുറ്റമറ്റതാകും. ആ രീതിയിൽ തന്നെ കുറ്റമറ്റതാക്കാൻ ഓരോ നോമ്പുകാരനും ബധ്യസ്ഥനാണ്. കാരണം, അവന്റെയും ദൈവത്തിന്റെയും ഇടയിലുള്ള രഹസ്യമായ കർമ്മമാകുന്നു വ്രതം. അത്ര രഹസ്യ സ്വഭാവമുള്ള ആരാധന വേറെയില്ല.

വിശുദ്ധി ആഗ്രഹിച്ചു നോമ്പെടുക്കുന്ന ഒരാളെ, തെറ്റുകളിൽനിന്ന് വിശുദ്ധനാകാൻ നേരത്തെ പറഞ്ഞ ദൈവികസംവിധാനങ്ങൾ ഉള്ളപ്പോൾ അവനെ എങ്ങനെയാണ് തെറ്റുകൾ കീഴടക്കുക? പിശാചിനും ദേഹേഛകൾക്കും അതുമൂലമുണ്ടാകുന്ന തെറ്റുകൾക്കും വിശ്വാസിയെ സ്പർശിക്കാനാകില്ല. അതിനാലാണ് നോമ്പിനെ യുദ്ധത്തിൽ ഉപയോഗിക്കുന്ന അങ്കിയോട് ഉപമിച്ചത്.

### കർമ്മവൈപുല്യം

നോമ്പും അതിന്റെ നാശത്തിനാധാരമായ ദുഷ്കർമങ്ങളുടെ വർജ്ജനവും നിർബന്ധ കർമങ്ങളുടെ ആചരണവും മാറ്റിനിറുത്തിയാൽ ഐഛികമായ ഒട്ടേറെ പുണ്യകർമങ്ങൾ നോമ്പിന്റെ ആത്മാവിനെ ശക്തിപ്പെടുത്തുന്നുണ്ട്. അവ അനുഷ്ഠിക്കൽ നിർബന്ധമല്ലെങ്കിലും നോമ്പിന്റെ ഭഗം തന്നെയാണ്. ഖുർആൻ പാരായണം, തറാവീഹ്, ദാനധർമങ്ങൾ, ദൈവിക സ്തുതികീർത്തനങ്ങൾ, നോമ്പ് തുറപ്പിക്കൽ തുടങ്ങി ഒട്ടേറെ പുണ്യകർമങ്ങൾ പ്രസ്തുത ദിനങ്ങളിൽ ഒരു വിശ്വാസിക്ക് ചെയ്യാനുണ്ട്. തന്റെ നന്മ വർധിപ്പിക്കുന്നതിന്റെ ഭാഗമായി ദൈവനിർദേശ പ്രകാരം പ്രവാചകൻ നിശ്ചയിച്ചവയാണവ.

ഈ രീതിയിലല്ലാതെ നോമ്പെടുക്കുന്നതിനെ പറ്റി പ്രവാചകൻ ഇങ്ങനെ പ്രതികരിച്ചു: എത്രയെത്ര നോമ്പുകാരുണ്ട്, അവർക്ക് അവരുടെ നോമ്പ് കൊണ്ട് വിശപ്പും ദാഹവുമല്ലാതെ ഒരു പ്രയോജനവും ലഭിക്കുകയില്ല. എന്നിട്ട് അവിടന്ന് കൂട്ടിച്ചേർത്തു: പൊളിവചനവും ദുഷ്കർമവും ഉപേക്ഷിക്കാത്തവന്റെ നോമ്പു കൊണ്ട് അല്ലാഹുവിന് ഒരു ആവശ്യവുമില്ല.'' ആ മാസം തന്റെ അടിമകൾക്ക് പുണ്യം നേടുവാനും അവർ സംസ്കൃതരാകുവാനും ദൈവം നിശ്ചയിച്ചതായതിനാൽ അല്ലാഹു ഇങ്ങനെ കൽപിച്ചു: ''വല്ലവനും ആ മാസം സന്നിഹിതനാണെങ്കിൽ അവൻ ആ മാസം വ്രതമനുഷ്ഠിക്കട്ടെ.''

### ലൈലത്തുൽ ഖദ്ർ

ഒരു പുരുഷായുസ്സിനെ മുഴുവൻ പുണ്യമാക്കിത്തീർക്കുന്ന അത്യുൽകൃഷ്ടരാവാണ് ലൈലതുൽ ഖദ്ർ. വിധിനിർണയ രാവ് എന്നാണ് അതിനർഥം. ആയിരം മാസത്തെക്കാൾ പുണ്യമുള്ളതാണ് പ്രസ്തുത രാവെന്ന് അല്ലാഹു അരുളി. അന്ന് അനുഗ്രഹത്തിന്റെ മാലാഖമാർ വിണ്ണിൽനിന്നും മണ്ണിലേക്കിറങ്ങിവരുന്നു. പരിപൂർണമായ ശാന്തിയുടെ രാവാണത്. ആ രാവിൽ ഒരു വിശ്വാസി ചെയ്യുന്ന എല്ലാ പ്രവർത്തങ്ങൾക്കും അതിരറ്റ പ്രതിഫലമാണ് ലഭിക്കുക. നരകത്തിൽനിന്ന് ഒട്ടേറെ ഹതഭാഗ്യവാന്മാരെ മോചിപ്പിക്കുന്നതും അതേ രാവിൽ തന്നെയാണ്. എങ്കിലും കൃത്യമായി അത് ഏതു രാവിലാണെന്ന് ഖുർആനോ പ്രവാചകനോ വെളിപ്പെടുത്തിയിട്ടില്ല. വിശ്വാസികൾ അതിനെ മാത്രം ആസ്പദിച്ചു നിൽക്കേണ്ട എന്നു കരുതിയാകാം അങ്ങനെ ചെയ്തത്.

പ്രസ്തുത രാവിലാണ് ലോകത്തിന് വഴികാട്ടിയും സത്യാസത്യവിവേചകവുമായ വിശുദ്ധ ഖുർആന്റെ അവതീർണതക്ക് നാന്ദി കുറിക്കപ്പെട്ടത്. അതാണ് പ്രസ്തുത രാവിന്റെ മഹത്വത്തിന് കാരണം.

threes@hotmail.com